**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **06-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ വാട്ടർ മെട്രോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ വാട്ടർ മെട്രോയുടെ ജെട്ടികൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ, താഴെപ്പറയുന്ന 14 ടെർമിനലുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1. എളംകുന്നപ്പുഴ<br>2. വൈപ്പിൻ (റോ-റോ ജെട്ടിക്ക് സമീപം)<br>3. കടമക്കുടി<br>4. പിഴല<br>5. കോതാട്<br>6. മൂലമ്പിള്ളി<br>7. പാലിയംതുരുത്ത്<br>8. ചാരിയംതുരുത്ത്<br>9. ചേന്നൂർ<br>10. ബോൾഗാട്ടി<br>11. പൊന്നാരിമംഗലം<br>12. മുളവുകാട് ഹോസ്പിറ്റൽ<br>13. മുളവുകാട് പഞ്ചായത്ത്<br>14. മുളവുകാട് നോർത്ത് |
| (ബി) | പ്രസ്തുത ജെട്ടികളുടെ നിർമ്മാണ പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ; | (ബി) | വൈപ്പിൻ, ബോൾഗാട്ടി, മുളവുകാട് നോർത്ത് ടെർമിനലുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഇതിൽ വൈപ്പിനിലെയും ബോൾഗാട്ടിയിലെയും ടെർമിനലുകൾ 2022 ജൂലൈ അവസാനത്തോടുകൂടിയും, മുളവുകാട് നോർത്തിലെ ടെർമിനൽ 2022 ഒക്ടോബർ മാസത്തോട് കൂടിയും പ്രവർത്തന സജ്ജമാകും. കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പൊന്നാരിമംഗലം, മുളവുകാട് പ്രദേശങ്ങളിലെ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി ഇതുവരെ കൈമാറിയിട്ടില്ല. നിർമ്മാണപ്രവർത്തനത്തിന്റെ ഭാഗമായി ഇനിയും |

| | | | |
|---|---|---|---|
| | | | ആവശ്യമായിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | ജെട്ടികൾ എന്നത്തേക്ക് പ്രവർത്തനസജ്ജമാകുമെന്ന് വെളിപ്പെടുത്താമോ? | (സി) | വൈപ്പിൻ, ബോൾഗാട്ടി, മുളവുകാട് നോർത്ത് ടെർമിനലുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഇതിൽ വൈപ്പിനിലെയും ബോൾഗാട്ടിയിലെയും ടെർമിനലുകൾ 2022 ജൂലൈ അവസാനത്തോടുകൂടിയും, മുളവുകാട് നോർത്തിലെ ടെർമിനൽ 2022 ഒക്ടോബർ മാസത്തോട് കൂടിയും പ്രവർത്തന സജ്ജമാകും. കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പൊന്നാരിമംഗലം, മുളവുകാട് പ്രദേശങ്ങളിലെ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി ഇതുവരെ കൈമാറിയിട്ടില്ല.<br>നിർമ്മാണപ്രവർത്തനത്തിന്റെ ഭാഗമായി ഇനിയും ആവശ്യമായിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ